Mathrubhumi- 23-12-2020

# കടൽപായലിൽ നിന്ന് ന്യൂട്രോസ്യൂട്ടിക്കൽസും സാനിറ്റൈസറും

കൊച്ചി ▸ മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സിഫ്റ്റ്) കടൽപായലിൽ നിന്നു വികസിപ്പിച്ചെടുത്ത ന്യൂട്രോസ്യൂട്ടിക്കൽസും സാനിറ്റൈസറും വിപണിയിലിറക്കി. സിഫ്റ്റിന്റെ ഗവേഷണ പ്രവർത്തനങ്ങളുമായി സഹകരിച്ച് ബോധിനാ നാച്വറൽസാണ് ഇവ വിപണിയിലെത്തിക്കുന്നത്. ബോധിനാ നാച്വറൽസ്, സഫോറ കാപ്സ്യൂൾസ്, സഫോറ ഗാർഗിൽ, സഫോറ ഹാൻഡ് സാനിറ്റൈസർ എന്നിവ വിപണിയിൽ ലഭിക്കുമെന്ന് സിഫ്റ്റ് ഡയറക്ടർ സി.എൻ. രവിശങ്കർ പത്രസമ്മേളനത്തിൽ പറഞ്ഞു.